പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1446 02.07.2015 ൽ മറുപടിക്ക്

**മിഷൻ 676 ൽ ഉൾപ്പെട്ട സാംസ്കാരിക രംഗത്തെ പദ്ധതികൾ**

ചോദ്യം | ഉത്തരം

ശ്രീ. പി.സി. വിഷ്ണുനാഥ് :
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.സി. ജോസഫ്
(ബഹു. ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സാംസ്കാരിക രംഗത്ത് എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 ലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) | മലയാളം അറബി സാഹിത്യോത്സവം (സാഹിത്യ അക്കാഡമി), അന്തർദ്ദേശീയ കാവ്യോത്സവം (സാഹിത്യ അക്കാഡമി), സംഗീത നാടക അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ടെന്റ് തിയേറ്റർ പദ്ധതി, കായംകുളത്ത് കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം (ലളിതകലാ അക്കാദമി), കിളിമാനൂരിൽ രാജാരവിവർമ്മ ആർട്ട് ഗാലറി (ലളിതകലാ അക്കാദമി), 14 ജില്ലകളിലും വഴിയോര ശില്പങ്ങൾ (ലളിതകലാ അക്കാദമി), കണ്ണൂരിൽ ശ്രീകണ്ഠാപുരത്ത് കലാഗ്രാമം(ലളിതകലാ അക്കാദമി), കോട്ടയം ജില്ലയിലെ വെള്ളാവൂർ ഫോക് ലോർ ഗ്രാമം(ഫോക് ലോർ അക്കാദമി), സാംസ്കാരിക നിഘണ്ടു (2 വാല്യം) , ഭാഷാ നിഘണ്ടു, കമ്പ്യൂട്ടർ നിഘണ്ടു, വാദ്യകലാ നിഘണ്ടു എന്നിവയുടെ പ്രസിദ്ധീകരണം (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്), അംബേദ്കർ ഫൗണ്ടേഷൻ അനുവദിച്ച അംബേദ്കർ ചെയർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്), സർവ്വവിജ്ഞാനകോശം 8-ാം വാല്യം പരിഷ്കരിച്ചതിന്റെ പ്രസിദ്ധീകരണം (സർവ്വവിജ്ഞാന കോശ ഇൻസ്റ്റിട്യൂട്ട്), വിജ്ഞാനകോശം വാല്യങ്ങളുടെ ഉള്ളടക്കം കീവേർഡ് സേർച്ചിലൂടെ വിക്കി പീഡിയ മോഡലിൽ ലഭ്യമാകുന്ന പദ്ധതി(സർവ്വവിജ്ഞാനകോശ ഇൻസ്റ്റിട്യൂട്ട്), കേരള കലാമണ്ഡലത്തിന്റെ 5 മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടി, കേരള കലാമണ്ഡലത്തിന്റെ രംഗകലാ മ്യൂസിയം പണി പൂർത്തീകരണം, മലയാളം മിഷൻ മുഖേന കേരളത്തിനു പുറത്തുള്ള മലയാളം പഠന കേന്ദ്രങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനും, |
| | | | പുസ്തകങ്ങളുടെ ഡിസൈൻ ജോലി പൂർത്തിയാക്കി ഫൈനൽ പ്രിന്റിംഗിന് തയ്യാറാക്കിയിട്ടുണ്ട്. അംബേദ്കർ ചെയർ ആരംഭിക്കുന്നതിനായി അംബേദ്കർ |

| | | | |
|---|---|---|---|
| | | | സാമ്പത്തികസഹായം നൽകുന്നതിനുമുള്ള നടപടി, മലയാളം മിഷൻ മുഖേന പുതിയതായി ഇന്ത്യയ്ക്കകത്തും പുറത്തും പുതിയ മലയാളം പഠന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടി,ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന കളിയും ചിരിയും വായനയും പ്രദാനം ചെയ്യുന്ന ഇന്ററാക്ടീവ് പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, പുരാവസ്തു വകുപ്പ് മുഖേന ജില്ലാ തല പൈതൃക മ്യൂസിയങ്ങളുടെ പൂർത്തീകരണം, കേന്ദ്ര സഹായത്തോടെ തിരുവനന്തപുരം കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശി മ്യൂസിയം എന്നിവയുടെ നവീകരണ പണികൾ(പുരാവസ്തു വകുപ്പ്), മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരണം(പുരാരേഖ വകുപ്പ് ) വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യ സമര മെമ്മോറിയൽ (പുരാരേഖ വകുപ്പ്), തിരുവനന്തപുരത്തെ സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം(പുരാരേഖ വകുപ്പ്), ഭാരത് ഭവന്റെ നേതൃത്വത്തിൽ കേരളീയ കലകൾ ഇന്ത്യയ്ക്കകത്തും പുറത്തും പ്രചരിപ്പിക്കുന്നതിന് വിപുലമായ പദ്ധതികൾ, വൈക്കം സത്യാഗ്രഹ മ്യൂസിയവും ഗാന്ധിപ്രതിമയും വൈക്കത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി(പുരാരേഖാ വകുപ്പ്), തകഴി സ്മാരകത്തിന്റെ പുതിയ കെട്ടിടം പണി പൂർത്തീകരണം എന്നീ പദ്ധതികളാണ് മിഷൻ 676 ൽ ഉൾപ്പെടുത്തി നടപ്പാക്കാനുദ്ദേശിക്കുന്നത്. |
| (ബി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | (ബി)<br>&<br>(സി) | മിഷൻ 676 ലൂടെ താഴെ പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>1) മലയാളം അറബി സാഹിത്യോത്സവം<br>2) ടെന്റ് തിയേറ്റർ പദ്ധതി<br>3)കായംകുളത്ത് കൃഷ്ണപുരം കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക കാർട്ടൂൺ മ്യൂസിയം നിർമ്മാണം<br>4)കിളിമാനൂരിൽ രാജാരവിവർമ്മ ആർട്ട് ഗാലറി നിർമ്മാണം<br><br>5)സാംസ്കാരിക നിഘണ്ടു (2 വാല്യം) , ഭാഷാ നിഘണ്ടു എന്നിവയുടെ പ്രസിദ്ധീകരണം<br>6) സർവ്വവിജ്ഞാന കോശം 8-ാം വാല്യം പരിഷ്കരിച്ചത് പുറത്തിറക്കി. |
| (സി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | 7)നോളഡ്ജ് വെബ് റിപ്പോസിറ്ററി പൈലറ്റ് പ്രോജക്റ്റ്<br>8) കേരള കലാമണ്ഡലത്തിന്റെ 5 മേഖലാ കേന്ദ്രങ്ങൾ ആരംഭിച്ചു.<br>9) രംഗകലാ മ്യൂസിയത്തിന്റെ കെട്ടിടം പണി പൂർത്തീകരിച്ചു.<br>10)മതിലകം രേഖകളുടെ ഡിജിറ്റലൈസേഷൻ പൂർത്തീകരിച്ചു.<br>11) ഭാരത് ഭവന്റെ നേതൃത്വത്തിൽ പൂനെ, ഹരിയാന, മൈസൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ കേരളോത്സവം സംഘടിപ്പിച്ചു. കേരളീയ കലാരൂപങ്ങൾ മറുനാടുകളിൽ പ്രചരിപ്പിക്കുക എന്ന സാംസ്കാരിക വിനിമയ പരിപാടി തുടരുന്നതിന്റെ ഭാഗമായി സൗത്ത് കൊറിയ, യു.എസ്.എ, ബാംഗ്ലൂർ എന്നിവിടങ്ങളിലേക്ക് കേരളീയ കലാരൂപങ്ങൾ അയയ്ക്കുവാൻ 2015 ജൂലൈ വരെയുള്ള പദ്ധതികളുടെ രൂപരേഖ ഭാരത് ഭവൻ മുഖേന പൂർത്തിയായിട്ടുണ്ട്.<br>കൂടാതെ ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ ശ്രീകണ്ഠാപുരത്ത് കാക്കണ്ണൻപാറ കലാഗ്രാമം കെട്ടിട നിർമ്മാണം KITCO ആരംഭിച്ചു. അന്താരാഷ്ട്ര പ്രസിദ്ധരായ ശില്പികളെ വഴിയോര ശില്പ പദ്ധതിയ്ക്കുവേണ്ടി നിശ്ചയിച്ചിട്ടുണ്ട്. ശിലാ സ്ഥാപനത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമായ ഇടങ്ങളിൽ ശില്പം സ്ഥാപിക്കുന്നതാണ്. ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കോട്ടയം ജില്ലയിലെ വെള്ളാവൂർ ഫോക്‌ലോർ ഗ്രാമത്തിന്റെ പണി ആരംഭിച്ചു. നിലവിൽ പഠന പ്രവർത്തനങ്ങൾ നടന്നു വരുന്ന കേന്ദ്രങ്ങൾക്കു പുറമെ ഇന്ത്യയ്ക്കകത്തും പുറത്തും മലയാളം മിഷൻ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. നിലവിലുള്ള പഠനകേന്ദ്രങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ പുരോഗമിക്കുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഇന്ററാക്ടീവ് പുസ്തകങ്ങളുടെ സ്ക്രിപ്റ്റ് തയ്യാറാക്കി പുസ്തകം പ്രസിദ്ധീകരിക്കുന്നതിനായി ചിത്രകാരന്മാരുടെയും, ഡിസൈനർ മാരുടെയും, വർക്ക്ഷോപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. 10 പുസ്തകങ്ങളുടെ ഡിസൈൻ ജോലി പൂർത്തിയാക്കി ഫൈനൽ പ്രിന്റിംഗിന് തയ്യാറാക്കിയിട്ടുണ്ട്. അംബേദ്കർ ചെയർ ആരംഭിക്കുന്നതിനായി അംബേദ്കർ |

| | | | |
|---|---|---|---|
| | | | ഫൗണ്ടേഷൻ ഫണ്ട് ലഭ്യമാക്കുന്നതിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ ഗ്രന്ഥ സൂചി 1996-2000 വർഷങ്ങളിലെ വിവരങ്ങളടങ്ങിയ പുതിയ വോള്യം പ്രകാശനത്തിന് തയ്യാറാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര കാവ്യോത്സവത്തിന് രൂപരേഖ തയ്യാറാക്കാൻ നിർവ്വാഹക സമിതിയംഗത്തെ അക്കാദമി ചുമതലപ്പെടുത്തിയിട്ടുണ്ട്. പുരാരേഖ വകുപ്പിന്റെ കീഴിലുള്ള വട്ടിയൂർക്കാവിലെ സ്വാതന്ത്ര്യ സമര മെമ്മോറിയൽ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. പുരാവസ്തു വകുപ്പിന്റെ കീഴിൽ എറണാകുളം, തൃശ്ശൂർ, വയനാട്, തിരുവനന്തപുരം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലാ തല മ്യൂസിയങ്ങളുടെ നിർമ്മാണ പദ്ധതികളും കേന്ദ്രസഹായത്തോടെ നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, ഹിൽപാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം എന്നിവയുടെ നവീകരണ പദ്ധതികളും പുരോഗമിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ